മാതൃഭൂമി

04 January 2024

# ദേശീയ ശില്പശാല നാളെ

**കൊച്ചി** ▸ സമുദ്രമത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യാൻ ഉന്നതതല ദേശീയ ശില്പശാല വെള്ളിയാഴ്ച കൊച്ചിയിൽ നടക്കും. കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിലെയും തീരദേശ സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കും. നീതി ആയോഗ്, സി.എം.എഫ്.ആർ.ഐ., സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവ ചേർന്നാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

കേരളത്തിനു പുറമേ, പശ്ചിമ ബംഗാൾ, ഒഡീഷ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളും ആൻഡമാൻ-നിക്കോബാറും ശില്പശാലയിൽ പങ്കെടുക്കും. സമുദ്രമത്സ്യമേഖലയിലെ നിലവിലെ സ്ഥിതിഗതികൾ ഓരോ സംസ്ഥാനവും പങ്കുവെക്കും. വെല്ലുവിളികളും പരിഹാര മാർഗങ്ങളും ചർച്ച ചെയ്യും. സുസ്ഥിര വളർച്ചയ്ക്കാവശ്യമായ ഭാവിപദ്ധതികൾക്ക് ശില്പശാല രൂപം നൽകും.

സമുദ്രമത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവസരങ്ങൾ മുതലാക്കുന്നതിനും കൂട്ടായ ശ്രമങ്ങളും പരസ്പര സഹകരണവുമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളെ ഏകോപിപ്പിച്ച് നടത്തുന്ന ചർച്ച ലക്ഷ്യമിടുന്നത്.